**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**27 January 2017 / 27 Rabi 'ul' Aakhir 1438 Hijira)**

## THE IMPORTANCE OF PRAYER / പ്രാർത്ഥനയുടെ പ്രാധാന്യം

**അല്ലാഹുവിന്റെ അനുഗ്രഹത്താൽ, കഴിഞ്ഞ ആഴ്ച കേരളത്തിൽ ആരംഭിച്ച വെള്ളിയാഴ്ച ഖുത്തുബയുടെ, വിഷയം തന്നെ തുടരുകയാണ്. പകലിന്റെ രണ്ടു ഭാഗങ്ങളിലും, രാവിന്റെ ആദ്യ ഭാഗങ്ങളിലും നമസ്ക്കാരം നിലനിർത്തുക. തീർച്ചയായും സർക്കർമ്മങ്ങൾ ദുഷ്ക്കർമ്മങ്ങളെ അകറ്റിക്കളയുന്നു. ഇത് (ഈ അദ്ധ്യാപനം) ഓർമ്മിക്കുന്നവർക്ക് ഒരു ഉൽബോധമാകുന്നു 11 : 115**

വിശുദ്ധ ഖുർആൻ സൂറ : ഹൂദിലെ 115 - ാം വചനമാണ് ഞാനിപ്പോൾ പാരായണം ചെയ്തത്. അതിൽ പ്രസ്താവിക്കുന്നു. **ഹസനാത്ത്** അതായത് നല്ല പ്രവർത്തികൾ ഒരാളുടെ ദുഷ്ക്കർമ്മങ്ങളെ ഇല്ലായ്മ ചെയ്യുന്നു. ഇവിടെ **ഹസനാത്ത്** കൊണ്ടർത്ഥമാക്കുന്നത് നമസ്ക്കാരമാണ് ; നമസ്ക്കാര സമയത്ത് ഹൃദയവും മനസ്സും നമസ്ക്കാരത്തിൽ തന്നെ ആയിരിക്കണം. അത്തരം സാന്നിദ്ധ്യം കരഗതമാകുന്നത് ഒരാളിന്റെ തന്നെ ഭാഷയിൽ യാചിക്കുന്നതിലൂടെയും കെഞ്ചുന്നതിലൂടെയുമാണ്. ഏറ്റവും നല്ല പ്രാർത്ഥന സൂറ : അൽഫാതിഹ തന്നെയാണ് കാരണം ഇതൊരു സമ്പൂർണ്ണ പ്രാർത്ഥനയാണ്. കർഷകൻ കൃഷിയിൽ വൈദഗ്ദ്ധ്യം നേടിയാൽ അവൻ നല്ല നിലയിൽ തന്നെ കൃഷി ചെയ്യും, തുടർന്ന് അവൻ വിജയശ്രീലാളിതനായി തീരും. അതുപോലെ നിങ്ങൾ ശരിയായ പാത തെരഞ്ഞെടുക്കണം അത് നിങ്ങളെ അല്ലാഹുമായി ബന്ധിക്കണം നിങ്ങൾ അവനോട് പ്രാർത്ഥിക്കണം. ഇപ്രകാരം പറയുക അല്ലയോ അല്ലാഹുവേ ! ഞാൻ നിന്റെ പാപിയായ □ഒരു സേവകനാണ്, ഞാൻ പ്രയാസത്തിലകപ്പെട്ടിരിക്കുകയാണ് ഞാനൊരുവിലയുമില്ലാത്തവനാണ്. നീ എനിക്ക് വഴി കാണിച്ചു തരേണമെ, നിനക്കു മാത്രമെ എനിക്കു വഴികാണിച്ചു തരുവാൻ കഴിയുകയുള്ളു. എനിക്ക് നിന്റെ സഹായം ആവശ്യമാണ്. നിനക്ക് മാത്രമെ എന്നെ സഹായിക്കുവാൻ കഴിയുകയുള്ളു.

നിങ്ങളുടെ എല്ലാ ആവശ്യങ്ങളും നിങ്ങൾ അവന്റെ മുൻപാകെ സമർപ്പിക്കണം. അത് ചെറുതാകട്ടെ ! വലുതാകട്ടെ ! കാരണം അവൻ മാത്രമാണ് എല്ലാം നല്കുന്നവൻ ആരാണോ അങ്ങേയറ്റം പ്രാർത്ഥിക്കുന്നത്, ആത്മാർത്ഥതയോടെയും വിനയത്തോടെയും, അവനാണ് ഏറ്റവും നല്ലവൻ. ഒന്നും കൊടുക്കാത്തവന്റെ വീട്ടുവാതിൽക്കൽ എല്ലാ ദിവസവും ഒരു യാചകൻ യാചിക്കുയാണെങ്കിൽ, ഒരിക്കൽ, അവൻപോലും എന്തെങ്കിലും കൊടുക്കാതിരിക്കില്ല. തുല്യതയില്ലാത്ത നിലയിൽ, അങ്ങേയറ്റം ഔദാര്യമായവന്റെ, ദൈവത്തിന്റെ വാതിലിൽ, യാചിക്കുന്നവന് ഒന്നും കിട്ടില്ല എന്ന് കരുതുന്നുണ്ടോ ? ആരാണോ, യാചിച്ചു കൊണ്ടിരിക്കുന്നത്, അവന് ഒരിക്കൽ കിട്ടുക തന്നെ ചെയ്യും

ലോകം സൃഷ്ടിച്ചതുമുതൽ , അല്ലാഹു (ത) അവന്റെ പ്രത്യേകദാസന്മാരോട് സംസാരിച്ചിട്ടുണ്ട് എന്നതിന് തെളിവുണ്ട്. ഇപ്രകാരം ആയിരുന്നില്ലെങ്കിൽ, ദൈവം നിലനില്ക്കുന്നു എന്ന ആശയം തന്നെ അപ്രത്യക്ഷമാകുമായിരുന്നു. അങ്ങനെയിരിക്കെ, ദൈവത്തിന്റെ നിലനില്പ് സംബന്ധമായി ഏറ്റവും ശക്തമായ തെളിവ്, നമുക്ക് അവന്റെ ശബ്ദം കേൾക്കാൻ കഴിയുന്നു എന്നതാണ്. ഒരാൾ നിലനില്ക്കുന്നു എന്നതിന്റെ തെളിവായി, ഒന്നുകിൽ കാണണം അല്ലെങ്കിൽ കേൾക്കണം. ഇക്കാലത്ത് കാഴ്ചയ്ക്കു പകരം കേഴ്വി ആസ്ഥാനം ഏറ്റെടുത്തിരിക്കുന്നു. പ്രാർത്ഥിക്കുന്നവനും ദൈവത്തിനുമിടയിൽ ഒരു മാറ ഉള്ളിടത്തോളം, കേൾക്കുവാൻ സാധിക്കുകയില്ല. തടസ്സമായി നില്ക്കുന്ന മറ നീക്കം ചെയ്താൽ അപ്പോൾ അകലെ നിന്നുള്ള ആ ശബ്ദം കേൾക്കുവാൻ കഴിയും. മനുഷ്യരിൽ ചില മനുഷ്യരും ദൈവവും തമ്മിലുള്ള ആശയവിനിമയം സാധ്യമാണ് എന്ന് ഒരിക്കൽ പ്രഖ്യാപിച്ചിരുന്നവർപോലും മനുഷ്യനും ദൈവവും തമ്മിലുള്ള ആശയവിനിമയം അടഞ്ഞുപോയിരിക്കുന്നു. എന്ന് വാദിക്കുന്നു. ഇത്തരം ജല്പനങ്ങളുടെ യാഥാർത്ഥ്യം, അന്ധനായ ഒരു മനുഷ്യൻ, ചിന്തിക്കുന്നു എല്ലാവരും അന്ധരാണെന്ന്, കാരണം അവന്റെ തന്നെ കണ്ണുകളിൽ പ്രകാശമില്ല അതുകൊണ്ടു തന്നെ ആർക്കും പ്രകാശം ലഭിക്കുന്നില്ല എന്നത് അവന്റെ ചിന്ത മാത്രമാണ്. കാര്യം ഇങ്ങനെ ആയിരുന്നുവെങ്കിൽ ഇസ്ലാമിനെ ഇതരമതങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തുന്നത് ഇല്ലെങ്കിൽ മറ്റിതരമതങ്ങളെ പോലെ ഇസ്ലാമും ഒരു മരിച്ചമതമായി മാറുമായിരുന്നു. ആയതിനാൽ നിങ്ങൾ ഇസ്ലാമിനെ മരിച്ച മതങ്ങളെപോലെ കാണരുത്. ആത്മീയമായി മരണപ്പെട്ടവർ കരുതുന്നു ഇസ്ലാമും, മരണപ്പെട്ടിരിക്കുന്നു എന്ന് ! മറിച്ച്, ഇസ്ലാം പ്രബോധിക്കുന്നത്, ഒരു മനുഷ്യന് മലക്കുകൾക്ക് കൈകൊടുക്കത്തക്കനിലാവാരത്തിലേക്ക് പുരോഗതി ആർജ്ജീക്കുവാൻ കഴിയും എന്നാണ്. കാര്യം ഇങ്ങനെ ആയിരുന്നില്ലെങ്കിൽ, ഒരാൾക്ക് ന്യായമായും ചോദിക്കാം, പിന്നെന്തിനാണ് നമ്മെ ഈ പ്രാർത്ഥന പഠിപ്പിച്ചത് ?

**നിന്റെ അനുഗ്രഹങ്ങൾ ചൊരിഞ്ഞവരുടെ പാതയിൽ (1:7)**

ധർമ്മസ്ഥാപനങ്ങൾക്കായുള്ള ഭൗതികദാന ഇച്ഛ ഇളക്കി വിടുക മാത്രമല്ല ആത്മീയ വരപ്രസാദങ്ങൾക്കും അനുഗ്രഹങ്ങൾക്കും നിദാനമാകുന്ന പ്രവർത്തനത്തിലും മുഴുകുവാൻ ഇടയാകുന്നു. അല്ല നിങ്ങൾ അന്ധരായി ഇരിക്കുവാൻ, ആഗ്രഹിക്കുകയാണെങ്കിൽ, പിന്നെന്തിനാണ് നിങ്ങൾ ഈ പ്രാർത്ഥന നടത്തുന്നത് ? സൂറ : ഫാതിഹായിലെ പ്രാർത്ഥന സമ്പൂർണ്ണമായ പ്രാർത്ഥനയാണ് ; അതൊരു അസാധാരണമായ പ്രാർത്ഥനയുമാണ്. ഇതിനുസമാനമായ ഒരു പ്രാർത്ഥന ഇതിന് മുൻപ് കഴിഞ്ഞുകടന്ന ഒരു പ്രവാചകന്മാരും പഠിപ്പിച്ചിട്ടുമില്ല. അതുകൊണ്ട് ഇത് വെറും വാക്കുകൾ മാത്രമാണ് എങ്കിൽ, ഇതിന് ദൈവത്തിൽ നിന്ന് ഒരംഗീകാരവുമില്ലെങ്കിൽ, പിന്നെന്തിനാണ് നാം കല്പിക്കപ്പെട്ട്ത് സമയം നഷ്ടമാക്കുവാൻ ഈ പ്രാർത്ഥന നടത്തുവാൻ ! അതും ദിവസം 5 നേരം പ്രാർത്ഥനകളിലൂടെ ! എന്നാൽ, തീർച്ചയായും നാം സമയം നഷ്ടമാക്കുകയില്ല ചെയ്യുന്നത് സൂറ : അൽഫാതിഹായിലൂടെ അല്ലാഹുവിനോട് നിരന്തരം അർത്ഥന നടത്തിക്കൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ വ്യക്തിത്വത്തിൽ ഒരു പിശുക്കുമില്ല എന്ന് നാം അറിയണം, പ്രവാചകന്മാർ വരുന്നത് അവർ ദൈവത്തെ ആരാധിക്കുന്നതിനു വേണ്ടി മാത്രവുമല്ല, അവർ വരുന്നത്, അവരുടെ പാതയ്ക്കു കീഴിൽ വരുന്നവരെ, അവരുടെ തണലിൽ വരുന്നവരെ, പഠിപ്പിക്കുവാൻ വേണ്ടിയാണ്. വിശുദ്ധഖുർആനിൽ പ്രസ്താവിക്കുന്നതു കാണുക **പറയുക നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നവെങ്കിൽ, എന്നെ പിന്തിടരുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും (3 :32)**

ഇതിന്റെ കാരണം, പരിശുദ്ധ പ്രവാചകൻ (സ) അല്ലാഹു (ത)യുടെ ഇഷ്ടഭാജനമായിരുന്നു. കാരണം അദ്ദേഹത്തിന്റെ മേൽ അത്തരം അനുഗ്രഹങ്ങളാണ് ചൊരിഞ്ഞത്. കാര്യം ഇങ്ങനെയാണെങ്കിൽ, ആരെങ്കിലും അല്ലാഹുവിന്റെ ഇഷ്ടഭാജനമായാൽ, അല്ലാഹുവിൽ നിന്ന് ഒന്നും കിട്ടുകയില്ല എന്ന് കരുതുവാൻ കഴിയുമോ ? ഇസ്ലാം അത്തരം ഒരു മതമായിരുന്നുവെങ്കിൽ, ആ മതം ഉപേക്ഷിക്കപ്പെടുമായിരുന്നു. എന്നാൽ ഈ മതം അത്തരം ഒരു മതമല്ല. പരിശുദ്ധ പ്രവാചകൻ (സ) ആത്മീയ ഭക്ഷണം കൊണ്ട് വന്നിരിക്കുന്നു. ആരാണോ അതാഗ്രഹിക്കുന്നത്. അതവർക്ക് ലഭ്യമാകുന്നതാണ്. അദ്ദേഹം ഭൗതിക നിധിയുമായിട്ടല്ല വന്നത് ; ഒരു പണക്കാരനായിട്ടുമല്ല വന്നത്. അദ്ദേഹം കൊണ്ടു വന്നത് ദൈവീകനിധിയുമായിട്ടാണ് അദ്ദേഹം വിതരണം ചെയ്ത നിധിയുടെ സ്വാഭാവം ഇതായിരുന്നുവെങ്കിൽ,

അതൊരു ഭൗതിക ധനമായിരുന്നില്ല, ആ നിധി നമുക്ക് തരാതെ തിരച്ചെടുക്കുമെന്ന് കരുതാവതുമല്ലല്ലോ, എന്തൊക്കെപറഞ്ഞാലും, ഒരു കാര്യം സത്യമാണ്, അന്ധനായ ഒരു മനുഷ്യൻ, അവന് കാഴ്ചയില്ല, അവന് കാഴ്ചയുണ്ട് എന്ന് വാദമുന്നയിക്കുവാനും കഴിയില്ല, ആ കാഴ്ച മറ്റുള്ളവർക്ക് നല്കും എന്നും പറയാവതല്ല. വിശുദ്ധഖുർആനിൽ അല്ലാഹു (ത) പറയുന്നു. **വല്ലവനും ഈ ലോകത്ത് അന്ധനായിരുന്നാൽ അവൻ പരലോകത്തും അന്ധനായിരിക്കും. മാത്രമല്ല കൂടുതൽ വഴിപിഴച്ചവനുമായിരിക്കും 17 : 73**

പ്രവാചകന്മാർ അവർ സ്വയം വളരെ ഉന്നതമായ ദർശനത്തിന്റെ ഉടമകളാണ്. ഈ ദർശനം ലോകത്ത് ഒരാൾക്കും നല്കുകയില്ല എന്ന് പറയുന്നവർ, അവർ ഈ ലോകത്തു നിന്ന് മടങ്ങുന്നത് അന്ധരായിട്ടായിരിക്കില്ലേ ? പരിശുദ്ധ പ്രവാചകൻ (സ) ൽ ഈ ആളുകൾക്ക് യഥാർത്ഥ വിശ്വാസ്മുണ്ടയിരുന്നെങ്കിൽ, അവർ ആത്മാർത്ഥമായി വിശ്വസിച്ചിരുന്നുവെങ്കിൽ, പരിശുദ്ധ പ്രവാചകൻ (സ) ആഗതരായയത് ഈ നിധി വിതരണം ചെയ്യുവനാണ്, മറ്റുള്ളവരിൽ നിന്നും അവരെ അവർ, അദ്ദേഹത്തിന്റെ അനുയായികളെ, തിരിച്ചറിയുമായിരുന്നു. അങ്ങനെ ആയിരുന്നെങ്കിൽ, ആ കാലഘട്ടത്തിൽ അല്ലാഹുമായി സംസാരിക്കുന്ന കാര്യത്തെ, സാദ്ധ്യതയെ, അവർ നിരാകരിക്കുമായിരുന്നില്ല. മൂസ (അ) ന്റെ മാതാവിന് ദൈവീക വെളിപാടുകൾ ലഭിച്ചിരുന്നു എന്നവർ വിശ്വസിക്കുന്നു. അംഗീകരിക്കുന്നു. അത്തരം വെളിപാടുകൾ അവരുടെ ഇടയിൽ ആർക്കെങ്കിലും ലഭിക്കേണ്ടതാണ് എന്നവർ പറയേണ്ടതല്ലേ ?

ദൈവം, താൻ തന്നെ വിശുദ്ധഖുർആനിൽ പ്രസ്താവിക്കുന്നു. **നാമാണ് ഖുർആൻ അവതരിപ്പിച്ചത്, നാം തന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്** . മറ്റൊരുവാക്കിൽ പറഞ്ഞാൽ, ഈ വാക്കുകളിലൂടെ അല്ലാഹു (ത) നമുക്ക് വീണ്ടും ഉറപ്പുനല്കുകയാണ്. എപ്പോഴൊക്കെ ഇതിന്റെ അർത്ഥത്തിനും, ഗ്രഹണത്തിനും തെറ്റുകൾ സംഭവിക്കുമോ, അവയെ തിരുത്തുവാനും സംസ്ക്കരിക്കുവാനും ഒരു പരിഷ്ക്കർത്താവിനെ നാം നിയമിക്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ എന്നെപറ്റി തെറ്റായനിലയിൽ കാണുകയില്ല. ആയതിനാൽ ഒരു നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ആയിരിക്കുന്ന ഈ കാലത്തെകുറിച്ച് പരിഗണിക്കുക. ബാഹ്യമായ കടന്നാക്രമണത്തെയും പരിഗണിക്കുക. പ്രവർത്തനങ്ങളെയും, ആന്തരികവസ്ഥയെ കുറിച്ചും ചിന്തിക്കുക. എന്നിട്ട് നിങ്ങൾ സ്വയം വിധിക്കുക. ഇത്തരം കാലഘട്ടത്തിൽ അല്ലാഹുവിൽ നിന്നും ഒരു നിയോഗതിനെ ഖലീഫത്തുല്ലായാണോ വേണ്ടതു അതോ നിങ്ങൾ തന്നെ തെരഞ്ഞെടുക്കുന്ന ഒരാളാണോ വേണ്ടത് ? ഖലീഫത്തുല്ലാഹ് എന്നത് അല്ലാഹു (ത) നിയമിക്കുന്ന ആളാകുന്നു.

ഖലീഫത്തുല്ലാഹ് തുടക്കത്തിൽ ഒരു വ്യക്തിയാണ്. ഭൂമിയിലെ ചുമതല നല്കി, ഏല്പിക്കപ്പെടുന്ന, കാര്യനിർവ്വഹണത്തിനായി, ഒരു പ്രത്യേകകാലത്തിലേക്ക് മാത്രം അയ്ക്കുന്നു. വിശുദ്ധഖുർആൻ അനുസരിച്ച് മനുഷ്യരിലെ ആദ്യത്തെ ഖലീഫ ദൈവവചനം നല്കി നിയോഗിച്ച അല്ലാഹുവിന്റെ പ്രവാചകൻ ആയിരുന്നു. ആത്മാവിനെ ഊതുക എന്നതും വെളിപാടുകൾ നല്കുക എന്നതും ഒരേ കാര്യം തന്നെയാണ് എന്ന് വ്യഖ്യാനിക്കാവുന്നതാണ്. ആയതിനാൽ, ഖലീഫത്തുല്ലാഹ് ആരംഭിക്കുന്നത് (അതായത് നിലവിൽ വന്ന ശേഷം) വെളിപാടുകളിലൂടെയാണ്. ദൈവം തന്റെ ദാസന്റെ മേൽ, പ്രത്യേകമായ നിലയിൽ, ആരെയാണോ തനിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്, അവനെ, ഭൂമിയിലേക്ക് തന്റെ പ്രതിനിധിയായി നിശ്ചയിക്കുന്നു. ഏല്പിക്കുന്ന ജോലി തികച്ചും സത്യനന്ധമായി നിർവ്വഹിക്കുവാനായി. അദ്ദേഹത്തിന് നല്കിയ സന്ദേശം എന്താണോ, ആ സന്ദേശം സമ്പൂർണ്ണമായും എത്തിക്കേണ്ടതാണ്. ആ വ്യക്തിയുടെ അവകാശം, തിരഞ്ഞെടുക്കുവാനുള്ള അവകാശം, തികച്ചും, പരിപൂർണ്ണമായും, അല്ലാഹുവിൽ നിക്ഷിപ്തമാണ്. പ്രഥമ ഖലീഫയെ നിയമിച്ചകാലം മുതൽ, ദൈവത്തിന്റെ എല്ലാ പ്രവാചകന്മാരും ഭൂമിയിലെ ഖലീഫമാരായിരുന്നു. അതിൽ നിന്ന് ആരെയും ഒഴുവാക്കിയിട്ടില്ല. എന്നാൽ അവരുടെ പ്രവർത്തന മേഖല, അവർക്ക് ലഭിക്കുന്ന വെളിപാടുകളുടെ അടിസ്ഥാനത്തിലുള്ളതായിരിക്കും. ചില പ്രവാചകന്മാരെ ചില പ്രത്യേക സമുദായത്തിനുവേണ്ടി മാത്രം നിയോഗച്ചിട്ടുണ്ട്. ബനൂഇസ്റായീൽ പ്രവാചകന്മാരെ പോലെ. ചില പ്രവാചകന്മാരെ ചില പ്രത്യേകജനതയ്ക്കുവേണ്ടിയും വർഗ്ഗത്തിനുവേണ്ടിയും നിയോഗിച്ചിട്ടുണ്ട്.

ആയതിനാൽ, പ്രിയശിഷരെ, മുഴുവൻ മാനവകുലമേ ! ഞാൻ എന്റെ പ്രസംഗം ഇവിടെ നിർത്തുന്നു. ഈ പ്രസംഗത്തിലെ മുഴുവൻ കാര്യവും നല്ലതുപോലെ ഗ്രഹിക്കുവാൻ അല്ലാഹു (ത) നിങ്ങളുടെ ഹൃദയങ്ങളെ തുറക്കട്ടെ ; നിങ്ങളെ എല്ലാവരെയും നേർവഴിയിൽ നടത്തട്ടെ ! ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫയെ അംഗീകരിക്കുവാനുള്ള തൗഫീഖ് നല്കി അനുഗ്രിഹിക്കട്ടെ ! അല്ലാഹുവിന്റെ പാതയിൽ നിഷ്കളങ്കമായി നിലകൊള്ളുവാൻ എന്നെന്നും സഹായിക്കട്ടെ ! ആമീൻ.


**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**